# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2430 12.03.2020-ൽ മറുപടിക്ക്

## തിരുവനന്തപുരം മൃഗശാല

**ചോദ്യം**

ശ്രീ.പി.സി. ജോർജ്

**മറുപടി**

ശ്രീ. കെ.രാജു
(ബഹു.വനവും മൃഗസംരക്ഷണവും
മൃഗശാലകളും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം മൃഗശാലയിൽ പല മൃഗങ്ങളും ഇല്ലാതെ കൂട്ടുകൾ ഒഴിഞ്ഞു കിടക്കുന്നത് സന്ദർശകരെ നിരാശ പ്പെടുത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ യെന്ന് വിശദമാക്കാമോ; | (എ) & (ബി) | ഇൻഡ്യയിലേയും വിദേശത്തേയും വിവിധ മൃഗശാലകളിൽ നിന്നും തിരുവനന്തപുരം മൃഗശാല യിലേയ്ക്ക് മൃഗങ്ങളെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം മൃഗശാലയിൽ ചില പരിബന്ധനങ്ങളുടെ അറ്റകുറ്റപ്പണികൾ നടന്നു വരുന്നു. ഒഴിഞ്ഞുകിടക്കുന്ന കൂട്ടുകളിലേക്കായി 2:1 അനുപാതത്തിൽ രാജവെമ്പാല പാമ്പുകൾ, 2:2 അനുപാതത്തിൽ ബാർക്കിംഗ് ഡിയർ, 2:2 അനുപാത ത്തിൽ ഗ്രീൻ ഇഗ്വാനകൾ, 1:1 അനുപാതത്തിൽ സ്ലോത്ത് ബിയറുകൾ എന്നിവയെ കൊണ്ടുവരുന്നതി നുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാര ത്തോടെ ഇൻഡ്യയിലെ വിവിധ മൃഗശാലകളിൽ നിന്നും 2 ജോഡി വെള്ള മയിലുകൾ, ഒരു ജോഡി ഒട്ടകപക്ഷി, അഞ്ച് ജോഡി വർണ്ണ കൊക്കുകൾ, രണ്ട് ജോഡി റെറ്റിക്കുലേറ്റസ് പൈത്തൺ, ഒരു ജോഡി ഹിമാലയൻ കരടികൾ, ഒരുജോഡി കഴുതപ്പുലികൾ എന്നിവയെ തിരുവനന്തപുരം മൃഗശാലയിലേയ്ക്ക് ലഭ്യമാക്കുക യുണ്ടായിട്ടുണ്ട്. |
| (ബി) | മരണമടയുന്ന മൃഗങ്ങൾക്ക് പകരം പുതിയ മൃഗങ്ങളെ കൊണ്ട് വരാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | | |
| (സി) | 2019-20 സാമ്പത്തിക വർഷത്തിൽ ടിക്കറ്റിനത്തിൽ എത്ര രൂപ തിരുവനന്തപുരം മൃഗശാല യിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും മൃഗശാല നവീകരണത്തിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (സി) | 2019-20 സാമ്പത്തിക വർഷത്തിൽ മൃഗശാലാ നവീകരണത്തിനായി 2,19,91,201/- രൂപ ചെലവഴിച്ചിട്ടുള്ളതും ടിക്കറ്റ് ഇനത്തിൽ 5,19,02,533/- രൂപ ലഭിച്ചിട്ടുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**